പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3188 — 13-10-2011 -ൽ മറുപടിക്ക്.

**ഡോ. കെ.എസ്. രാധാകൃഷ്ണൻ കമ്മിറ്റി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>" എ. റ്റി. ജോർജ്ജ്<br>" പി. എ. മാധവൻ<br>" ലൂഡി ലൂയിസ് | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | എക്സൈസ് വകുപ്പ് ഡോ. കെ. എസ്. രാധാ കൃഷ്ണൻ കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) | ഉണ്ട്. ഉദ്ദേശലക്ഷ്യങ്ങൾ താഴെ പറയുന്നു.<br>1. മദ്യത്തിനും, മയക്കുമരുന്നിനും, പുകയില ഉല്പന്നങ്ങൾക്കുമെതിരെയുള്ള ബോധവല്ക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകുക.<br>2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, ലഹരി പദാർത്ഥങ്ങൾ വിദ്യാലയങ്ങളിൽ നിന്നും അകറ്റി നിർത്തുക.<br>3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, സ്കൂളുകളുടെ സമീപം, മദ്യം, മയക്കുമരുന്ന്, പുകയില ഉല്പന്നങ്ങൾ എന്നിവയുടെ ലഭ്യത ഇല്ലാതാക്കുക.<br>4. ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി ഈ ദു:ശ്ശീലത്തിൽ നിന്നും പിന്തിരിപ്പിക്കുക.<br>5. മദ്യത്തിനും, മയക്കുമരുന്നിനും അടിമകളായവരെ കണ്ടെത്തി, അവരെ ബോധവൽക്കരണത്തിലൂടെ മോചിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തുക. ചികിത്സ ആവശ്യമായിട്ടുള്ളവർക്ക് അതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുക. |
| (ബി) | കമ്മിറ്റി റിപ്പോർട്ട് എന്നാണ് സമർപ്പിച്ചത്; | (ബി) | 11-08-2011-ൽ. |
| (സി) | റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്? | (സി) | 1. വിദ്യാലയങ്ങളിലെ ക്ലബ്ബിന്റെ രൂപീകരണ ചുമതല ബന്ധപ്പെട്ട എക്സൈസ് ഇൻസ്പെക്ടർമാർക്കാണ്.<br>2. റെയ്ഞ്ച് ഇൻസ്പെക്ടർമാർ, വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകർ, പി.റ്റി.എ., മദർ പി.റ്റി.എ., തദ്ദേശ സ്ഥാപന പ്രതിനിധി എന്നിവരുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ താത്പര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി അവരെ അംഗങ്ങളാക്കി ക്ലബ്ബുകൾ രൂപീകരിക്കണം.<br>3. സ്കൂളിലെ പ്രധാന അദ്ധ്യാപകൻ, പി.റ്റി.എ.പ്രസിഡന്റ്, തദ്ദേശ സ്ഥാപന / പഞ്ചായത്തംഗം, എക്സൈസ് ഇൻസ്പെക്ടർ എന്നിവർ രക്ഷാധികാരികളായിരിക്കും.<br>4. സ്കൂളിലെ പ്രധാന അദ്ധ്യാപകൻ നിർദ്ദേശിക്കുന്ന, ഈ വിഷയത്തിൽ താത്പര്യമുള്ള ഒരു അദ്ധ്യാപകൻ ആയിരിക്കും ക്ലബ്ബിന്റെ കൺവീനർ.<br>5. ക്ലബ്ബിലെ അംഗങ്ങളിൽ നിന്നു തന്നെ പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നിവരെ തിരഞ്ഞെടുക്കണം.<br>6. ക്ലബ്ബ് ഒരു മാസത്തിൽ ഒരിക്കലെങ്കിലും യോഗം കൂടേണ്ടതും, പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. |

സെക്ഷൻ ആഫീസർ